**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4018** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെയും കമ്പ്യൂട്ടർവൽക്കരിക്കുകയും ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃഖലയുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ഇ-ഹെൽത്ത് പദ്ധതി ഒരു ബൃഹത്ത് സംരംഭമായി മാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഒരു വ്യക്തിയുടെ ആരോഗ്യവിവരങ്ങളെ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസ രഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കി വരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്റ്റിനു വേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസതേടേണ്ടി വന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിൽസ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം.<br>സംസ്ഥാനത്തെവിടെയും ഉള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിരക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താനും കഴിയുന്നതുമാണ്. UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ |

Electronic Health Record (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്.

ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയിന്റ്മെന്റ്, കൺസൾട്ടേഷൻ, പ്രിസ്ക്രിപ്ഷൻ, ലാബ് പരിശോധന തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം, റഫറൽ & അഡ്വാൻസ് ബുക്കിംഗ്, ലബോറട്ടറി റിപ്പോർട്ടുകൾ (SMS അലേർട്ട്), ഫാർമസി, ബില്ലിംഗ്, ഇൻ- പേഷ്യന്റ് മാനേജ്മെന്റ്( ഡയറ്റ് മാനേജ്മെന്റ്, ബെഡ് മാനേജ്മെന്റ്, വാർഡ്/ ബെഡ് ട്രാൻസ്ഫർ, പേ-വാർഡ് ബുക്കിങ് & അലോട്ട്മെന്റ്), ഡിസ്ചാർജ് സമ്മറി എന്നീ സേവനങ്ങളും ഇ-ഹെൽത്ത് സംവിധാനം വഴി നൽകിവരുന്നു.

കേവലം 13 ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച ഇ-ഹെൽത്ത് ഇന്ന് 608 ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട് അതിൽ 392 ഓളം ആശുപത്രികൾ കടലാസ് രഹിതമായാണ് പ്രവർത്തിക്കുന്നത്. മെഡിക്കൽ കോളേജുകളും അനുബന്ധ സ്ഥാപനങ്ങളുമായി 17 കേന്ദ്രങ്ങളും കൂടാതെ 19 ജില്ല, ജനറൽ ആശുപത്രികൾ, 23 താലൂക്ക് ആശുപ്രതികൾ, 13 സ്പെഷ്യലിറ്റി ആശുപത്രികൾ, 26 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 459 പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 49 അർബൻ പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യകേന്ദ്രങ്ങൾ, 2 പബ്ലിക് ഹെൽത്ത് ലാബുകൾ എന്നിവിടങ്ങളിലാണ് ഇ-ഹെൽത്ത് നടപ്പിലാക്കിയത്. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ് വർക്ക്, തടസ്സം കൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടി വരുന്നതിനാൽ ഓരോ ആശുപത്രിയുടെയും നിലവാരത്തിനും ഘടനയ്ക്കും അനുസൃതമായി ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റി സ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാലുണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ

| | | | |
|---|---|---|---|
| | | | നടന്നുവരുന്നത്. ഒരു ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചുകഴിഞ്ഞാലും വിവിധ വികസനപദ്ധതികളുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിൽ നിർമ്മാണജോലികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതികസാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽ കൂടി ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തുകയാണ് ലക്ഷ്യം. |
| (ബി) | ഇ-ഹെൽത്ത് കേരള പോലുള്ള സമഗ്രമായ പദ്ധതി രാജ്യത്ത് എവിടെയെങ്കിലും ആരംഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഇ-ഹെൽത്ത് നടപ്പിലാക്കുന്ന പദ്ധതികളിലൊന്നായ ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റത്തിനു (എച്ച്.എം.എസ്.) സമാനമായ ആപ്ലിക്കേഷനുകൾ കുറഞ്ഞ വ്യാപ്തിയിൽ ആന്ധ്ര പ്രദേശ്, തമിഴ് നാട്, രാജസ്ഥാൻ, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലും മറ്റും നടപ്പിലാക്കുന്നതായി അറിയാൻ സാധിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് എന്ന് മുതലാണ് ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചത്; പ്രസ്തുത പദ്ധതിയുടെ ഈ സർക്കാരിന്റെ കാലത്തെ പുരോഗതി വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് 2016 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 608 ആശുപത്രികളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br><br>ഇടുക്കി, കാസറഗോഡ് മെഡിക്കൽ കോളേജുകൾ ഒഴികെ മറ്റുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലും ഇതിനകം തന്നെ ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും വിവിധ വികസനപദ്ധതികളുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്ന ആശുപത്രികളിൽ നിർമ്മാണജോലികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതികസാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽ കൂടി ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 382 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം 140 |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ കൂടി ടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നിപ്പ വ്യാപനം നിയന്ത്രിക്കുന്നതിനായി അസുഖം ബാധിച്ചവരെയും അവരുമായി സമ്പർക്കം ഉള്ളവരെയും മോണിറ്റർ ചെയ്യുന്നതിനായി ഒരു ഓൺലൈൻ പോർട്ടലും വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി 30 വയസ്സിനു മുകളിലുള്ള വ്യക്തികളുടെ ജീവിതശൈലിരോഗങ്ങളുടെ സർവ്വേക്കായി ശൈലി എന്ന മൊബൈൽ ആപ്ലിക്കേഷനും, ക്യാൻസർ സ്ക്രീനിംഗ് നടത്താനായി 'ക്യാൻസർ കെയർ സ്യൂട്ട് ' എന്ന വെബ് പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്തെ ഇ-ഹെൽത്ത് പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | ഓൺലൈൻ ഒ. പി. ടിക്കറ്റ് സംവിധാനം എവിടെയെല്ലാം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | സംസ്ഥാനത്ത് നിലവിൽ ഓൺലൈൻ ഒ.പി. ടിക്കറ്റ് സംവിധാനം നടപ്പിലാക്കിയ ആരോഗ്യകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം IIആയി ചേർക്കുന്നു |
| (ഇ) | ഓൺലൈൻ ഒ. പി. ടിക്കറ്റ് സംവിധാനത്തിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ന്യൂനത പരിഹരിച്ച് പദ്ധതി കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഓൺലൈൻ സംവിധാനം വഴി പൊതുജനങ്ങൾക്ക് നിലവിൽ മുൻകൂറായി ഒ.പി. ടിക്കറ്റ് ലഭ്യമാക്കുന്നതിന് സാധിക്കുമെങ്കിലും ചില ആശുപത്രികളിൽ ഈടാക്കുന്ന ഒ.പി. സേവനങ്ങൾക്കുള്ള തുക ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള സൗകര്യം നിലവിൽ ലഭ്യമല്ല. ഇത് പരിഹരിച്ചുകൊണ്ടു ഒ.പി. തുകയും ഓൺലൈൻ മുഖാന്തിരം അടയ്ക്കുന്നതിനുള്ള സംവിധാനം ഓഗസ്റ്റ് 2024 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ നിലവിൽ സിറ്റിസൺ പോർട്ടൽ വഴി മാത്രം ലഭിക്കുന്ന ടി സേവനം മൊബൈൽ അപ്ലിക്കേഷൻ വഴിയും ഓഗസ്റ്റ് 2024 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.<br><br>അതോടൊപ്പം നിലവിൽ ഓൺലൈൻ വഴി മുൻകൂറായി ഒ.പി. ടിക്കറ്റ് പൊതുജനങ്ങൾക്ക് നേരിട്ട് എടുക്കുന്നതിനുള്ള സംവിധാനം ഉണ്ടെങ്കിലും അതാത് ദിവസത്തേക്കുള്ള ഒ.പി. ടിക്കറ്റ് ഓൺലൈൻ വഴി എടുക്കുന്നതിനുള്ള സംവിധാനം ലഭ്യമല്ല. ഇതിനുള്ള പരിഹാരമായി ആശുപത്രിയിൽ പ്രദർശിപ്പിച്ചിട്ടുള്ള QR കോഡ് സ്കാൻ ചെയ്തു ക്യൂ നിൽക്കാതെ തന്നെ പൊതുജനങ്ങൾക്ക് അതാത് ദിവസത്തേക്കുള്ള ഒ.പി. ടിക്കറ്റ് എടുക്കുന്നതിനുള്ള സംവിധാനവും ഓഗസ്റ്റ് 2024 മുതൽ നടപ്പിൽ വരുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

**ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങൾ**
(2021 മെയ് 20 ന് ശേഷം)

**1. കമ്മ്യൂണിക്കബിൾ ഡിസീസ് മാനേജ്മെന്റ് സിസ്റ്റം – Communicable Diseases Management System (CDMS)**

നിപ്പ മോണിറ്ററിങ് അപ്ലിക്കേഷൻ

2021 കോഴിക്കോട് റിപ്പോർട്ട് ചെയ്യപ്പെട്ട നിപ്പ വ്യാപനം നിയന്ത്രിക്കുന്നതിനായി അസുഖം ബാധിച്ചവരും അവരുമായി സമ്പർക്കം ഉള്ളവരെയും മോണിറ്റർ ചെയ്യുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചെടുത്തു. റിപ്പോർട്ട് ചെയ്യപ്പെടുന്ന ആളുകളുടെ വിവരങ്ങളും പ്രാഥമികവും ദ്വിതീയവുമായ കോൺടാക്റ്റ് ഉള്ളവരെ മനസിലാക്കുവാനും നിയന്ത്രിക്കാനും ഇത് വഴി മറ്റു ജനങ്ങളിലേക്ക് രോഗം വ്യാപിക്കുന്നത് നിയന്ത്രിക്കുവാനും സാധിച്ചു. ഇതുമൂലം വ്യാപന ശേഷിയുള്ള നിപ്പാ വൈറസ് ഫലപ്രദമായി നിയന്ത്രിക്കാൻ ആരോഗ്യവകുപ്പിന് സാധിച്ചു.

**2. ശൈലി ആപ്പ്:**

സംസ്ഥാനത്തെ 30 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാരിലും ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി ഫലപ്രദമായ ചികിത്സനടത്തി രോഗങ്ങൾ നിയന്ത്രിക്കുന്നതിലേക്കായി പൗരന്മാർക്കിടയിൽ ആശാപ്രവർത്തകർ മുഖേനെ സർവേ നടത്തുന്നതിനുള്ള പുതുക്കിയ ശൈലി 2.0 മൊബൈൽ അപ്ലിക്കേഷൻ 2024 മാർച്ച് മാസം നടപ്പിൽ വരുത്തി. മുൻവർഷങ്ങളെ അപേക്ഷിച്ചു കുഷ്ഠരോഗം, ബധിരത, അന്ധത എന്നീ രോഗങ്ങൾ കൂടി കണ്ടെത്തുന്നതിലുള്ള സംവിധാനം പുതുക്കിയ ശൈലി മൊബൈൽ അപ്ലിക്കേഷനിൽ ലഭ്യമാണ്.

**3. ക്യാൻസർ കെയർ സ്യൂട്ട്:**

ക്യാൻസർ ചികിത്സ കേരളത്തിലെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ ലഭ്യമാകുന്നതിന്റെ ഭാഗമായി കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി ആവശ്യമായ സോഫ്റ്റ്‌വെയർ (ക്യാൻസർ കെയർ സ്യൂട്ട്) ഇ-ഹെൽത്ത് വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി ക്യാൻസർ രോഗസാധ്യത മുൻകൂട്ടി കണ്ടെത്തുവാനും ഫലപ്രദമായ ചികിത്സ ലഭ്യമാക്കാനും സാധ്യമായിട്ടുണ്ട്. 2022 നവംബർ മാസം പ്രവർത്തനസജ്ജമാക്കിയ ക്യാൻസർ കെയർ സ്യൂട്ട് സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ ശൈലി 2.0 മൊബൈൽ അപ്ലിക്കേഷൻ മുഖാന്തരം കണ്ടെത്തുന്ന ജീവിതശൈലിരോഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ വഴി സുഗമമായി ഉപയോഗിക്കുവാൻ കഴിയുന്നതുമായ പുതുക്കിയ Cancer Care Suite സോഫ്റ്റ്‌വെയർ അപ്ലിക്കേഷൻ 2024 മാർച്ച് മാസം നടപ്പിൽ വരുത്തി. ഇതുകൂടാതെ സംസ്ഥാനത്ത് ക്യാൻസർ ബാധിതരായവരുടെ മെച്ചപ്പെട്ട ചികിത്സയ്ക്ക് ഉതകുന്ന രജിസ്റ്ററി തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

**4.പബ്ലിക് ഹെൽത്ത് സർവേ**

2016 ൽ ഓരോ പൊതുജനാരോഗ്യകേന്ദ്ര പരിധിയിലും ലഭ്യമായിട്ടുള്ള പൗരന്മാർക്കിടയിൽ J.P.H.N., M.L.S.P. മുഖേനെ പബ്ലിക് ഹെൽത്ത് സർവേ നടത്തുന്നതിന് ടാബ്ലറ്റ് വിതരണം നടത്തിയിരുന്നു. എന്നാൽ കാലപ്പഴക്കം മൂലം ടി ഉപകരണങ്ങൾ പ്രവർത്തനരഹിതമാകുകയും തുടർന്ന് സർവ്വേ നടത്തുന്നതിന് തടസങ്ങൾ നേരിടുകയും ചെയ്തു. ഇത് പരിഹരിക്കുന്നതിലേക്കായി J.P.H.N., M.L.S.P. പ്രവർത്തകർക്ക് അവരുടെ തന്നെ മൊബൈൽ ഫോണിൽ ഉപയോഗിക്കുവാൻ സാധിക്കുന്ന മൊബൈൽ അപ്ലിക്കേഷൻ 2024 മാർച്ച് മാസം തയ്യാറാക്കി. പ്രാരംഭഘട്ടമെന്നനിലയിൽ 3 ജില്ലകളിലെ 8 പൊതുജനാരോഗ്യകേന്ദ്രപരിധിയിൽ പരീക്ഷണം നടത്തുകയും തുടർന്ന് മെയ് മാസം മുതൽ സംസ്ഥാനത്താകമാനം ഉപയോഗിക്കുന്നതിന് സജ്ജമാക്കിയിട്ടുമുണ്ട്. കൂടാതെ പബ്ലിക് ഹെൽത്ത് സർവേ നടത്തുന്നതിന് ഏരിയ തിരിച്ചു നൽകുന്നതിനുള്ള പബ്ലിക് ഹെൽത്ത് വെബ് പോർട്ടൽ നിർമ്മിക്കുകയും ഇതുവഴി നാളിന്നുവരെ എത്ര സർവ്വേ നടന്നു, ഇനി എത്ര നടത്താൻ ഉണ്ട് മുതലായവ നിരീക്ഷിക്കുന്നതിനും സാധിക്കും.

**5.Electronic Health Record (EHR)**

പൊതുജനാരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം Electronic Health Record (EHR) തയ്യാറാക്കുകയും, ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും ഓരോ പൗരനും നൽകുന്ന യൂണിക് ഹെൽത്ത് ഐ.ഡി. നാല്പത്തഞ്ച് ലക്ഷത്തിൽനിന്നും എൺപത്തഞ്ചു ലക്ഷമായി ഉയർത്താൻ കഴിഞ്ഞു. ഒരു മാസത്തിനുള്ളിൽ ഇത് കുറഞ്ഞത് ഒന്നര കോടി ആയി ഉയർത്താൻ സാധിക്കുമെന്നും പ്രത്യാശിക്കുന്നു.

**അനുബന്ധം II**

| Sl.No | District | Name of the Hospital |
|---|---|---|
| 1 | THIRUVANANTHAPURAM | FAMILY HEALTH CENTRE KUNNATHUKAL |
| 2 | THIRUVANANTHAPURAM | FAMILY HEALTH CENTRE POZHIYOOR |
| 3 | THIRUVANANTHAPURAM | FAMILY HEALTH CENTRE THOLICODE |
| 4 | THIRUVANANTHAPURAM | COASTAL SPECIALITY HOSPITAL VALIYATHURA |
| 5 | THIRUVANANTHAPURAM | FAMILY HEALTH CENTRE VAMANAPURAM |
| 6 | THIRUVANANTHAPURAM | FAMILY HEALTH CENTRE VATTIYOORKAVU |
| 7 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE ANCHUTHENGU |
| 8 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE ARYANAD |
| 9 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE IRANIMUTTOM |
| 10 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE KALLARA |
| 11 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE KANYAKULANGARA |
| 12 | THIRUVANANTHAPURAM | FAMILY HEALTH CENTRE KATTAKADA |
| 13 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE KESAVAPURAM |
| 14 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE MANAMBOOR |
| 15 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE PALLICKAL |
| 16 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE PERUMKADAVILA |
| 17 | THIRUVANANTHAPURAM | FAMILY HEALTH CENTRE POONTHURA |
| 18 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE POOVAR |
| 19 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE PUTHENTHOPE |
| 20 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE VELLANAD |
| 21 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE VELLARADA |
| 22 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE VENPAKAL |
| 23 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE VILAPPIL |
| 24 | THIRUVANANTHAPURAM | TALUK HOSPITAL VITHURA |
| 25 | THIRUVANANTHAPURAM | DISTRICT HOSPITAL NEDUMANGAD |
| 26 | THIRUVANANTHAPURAM | DISTRICT MODEL HOSPITAL PEROORKADA |
| 27 | THIRUVANANTHAPURAM | GENERAL HOSPITAL NEYYATTINKARA |
| 28 | THIRUVANANTHAPURAM | GENERAL HOSPITAL THIRUVANANTHAPURAM |
| 29 | THIRUVANANTHAPURAM | FAMILY HEALTH CENTRE JAGATHY |
| 30 | THIRUVANANTHAPURAM | FAMILY HEALTH CENTRE AMBOORI |
| 31 | THIRUVANANTHAPURAM | FAMILY HEALTH CENTRE ANAD |
| 32 | THIRUVANANTHAPURAM | FAMILY HEALTH CENTRE ANAKUDY |
| 33 | THIRUVANANTHAPURAM | COMMUNITY HEALTH CENTRE ANDOORKONAM |
| 34 | THIRUVANANTHAPURAM | FAMILY HEALTH CENTRE ARUVIKKARA |
| 35 | THIRUVANANTHAPURAM | PRIMARY HEALTH CENTRE AZHOOR |

| | | |
|---|---|---|
| 36 | THIRUVANANTHAPURAM | FAMILY HEALTH CENTRE BALARAMAPURAM |
| 37 | THIRUVANANTHAPURAM | FAMILY HEALTH CENTRE CHEMBOOR |
| 38 | THIRUVANANTHAPURAM | FAMILY HEALTH CENTRE CHEMMARUTHY |
| 39 | THIRUVANANTHAPURAM | FAMILY HEALTH CENTRE CHENKAL |
| 40 | THIRUVANANTHAPURAM | FAMILY HEALTH CENTRE CHERUNNIYOOR |
| 41 | THIRUVANANTHAPURAM | FAMILY HEALTH CENTRE EDAVA |
| 42 | THIRUVANANTHAPURAM | FAMILY HEALTH CENTRE KADAKAMPALLY |
| 43 | THIRUVANANTHAPURAM | FAMILY HEALTH CENTRE KALLIKKAD NEW |
| 44 | THIRUVANANTHAPURAM | FAMILY HEALTH CENTRE VEERANAKAVU |
| 45 | THIRUVANANTHAPURAM | PRIMARY HEALTH CENTRE KALLIYOOR |
| 46 | THIRUVANANTHAPURAM | FAMILY HEALTH CENTRE KARAKULAM |
| 47 | THIRUVANANTHAPURAM | FAMILY HEALTH CENTRE KARAVARAM |
| 48 | THIRUVANANTHAPURAM | FAMILY HEALTH CENTRE KARODE |
| 49 | THIRUVANANTHAPURAM | FAMILY HEALTH CENTRE AMACHAL NEW |
| 50 | THIRUVANANTHAPURAM | FAMILY HEALTH CENTRE KEEZHATTINGAL |
| 51 | THIRUVANANTHAPURAM | FAMILY HEALTH CENTRE KILIMANOOR |
| 52 | THIRUVANANTHAPURAM | FAMILY HEALTH CENTRE KOLLAYIL |
| 53 | THIRUVANANTHAPURAM | FAMILY HEALTH CENTRE KULATHOOR |
| 54 | THIRUVANANTHAPURAM | FAMILY HEALTH CENTRE KUTTICHAL |
| 55 | THIRUVANANTHAPURAM | FAMILY HEALTH CENTRE MADAVOOR |
| 56 | THIRUVANANTHAPURAM | FAMILY HEALTH CENTRE MALAYADI |
| 57 | THIRUVANANTHAPURAM | FAMILY HEALTH CENTRE MANGALAPURAM |
| 58 | THIRUVANANTHAPURAM | FAMILY HEALTH CENTRE MANICKAL |
| 59 | THIRUVANANTHAPURAM | FAMILY HEALTH CENTRE MARANALLOOR |
| 60 | THIRUVANANTHAPURAM | FAMILY HEALTH CENTRE MUDAKKAL |
| 61 | THIRUVANANTHAPURAM | FAMILY HEALTH CENTRE PALLICHAL |
| 62 | THIRUVANANTHAPURAM | FAMILY HEALTH CENTRE PANAVOOR |
| 63 | THIRUVANANTHAPURAM | INTEGRATED FAMILY HEALTH CENTRE PANGAPPARA |
| 64 | THIRUVANANTHAPURAM | FAMILY HEALTH CENTRE PARANIYAM |
| 65 | THIRUVANANTHAPURAM | FAMILY HEALTH CENTRE PERINGAMMALA |
| 66 | THIRUVANANTHAPURAM | FAMILY HEALTH CENTRE PERUMATHURA |
| 67 | THIRUVANANTHAPURAM | FAMILY HEALTH CENTRE PERUMPAZHUTHOOR |
| 68 | THIRUVANANTHAPURAM | FAMILY HEALTH CENTRE POOZHANAD |
| 69 | THIRUVANANTHAPURAM | FAMILY HEALTH CENTRE PULIMATH |
| 70 | THIRUVANANTHAPURAM | FAMILY HEALTH CENTRE PULLAMPARA |
| 71 | THIRUVANANTHAPURAM | FAMILY HEALTH CENTRE PUTHUKURICHY |
| 72 | THIRUVANANTHAPURAM | FAMILY HEALTH CENTRE THONIPARA |
| 73 | THIRUVANANTHAPURAM | FAMILY HEALTH CENTRE THONNAKKAL |

| | | |
|---|---|---|
| 74 | THIRUVANANTHAPURAM | FAMILY HEALTH CENTRE UZHAMALAKKAL |
| 75 | THIRUVANANTHAPURAM | FAMILY HEALTH CENTRE VELI |
| 76 | THIRUVANANTHAPURAM | PRIMARY HEALTH CENTRE VELLAYANI |
| 77 | THIRUVANANTHAPURAM | FAMILY HEALTH CENTRE VEMBAYAM |
| 78 | THIRUVANANTHAPURAM | FAMILY HEALTH CENTRE VETTOOR |
| 79 | THIRUVANANTHAPURAM | FAMILY HEALTH CENTRE VILAVOORKKAL |
| 80 | THIRUVANANTHAPURAM | FAMILY HEALTH CENTRE MUKKOLA |
| 81 | THIRUVANANTHAPURAM | FAMILY HEALTH CENTRE PARASUVAIKKAL PARASALA |
| 82 | THIRUVANANTHAPURAM | CHEST DISEASES HOSPITAL PULAYANARKOTTAH |
| 83 | THIRUVANANTHAPURAM | SECRETARIAT HEALTH CENTRE THIRUVANANTHAPURAM |
| 84 | THIRUVANANTHAPURAM | TALUK HEADQUARTERS HOSPITAL CHIRAYINKEEZH |
| 85 | THIRUVANANTHAPURAM | TALUK HOSPITAL FORT THIRUVANANTHAPURAM |
| 86 | THIRUVANANTHAPURAM | TALUK HOSPITAL NEMOM |
| 87 | THIRUVANANTHAPURAM | TALUK HEADQUARTERS HOSPITAL VARKALA |
| 88 | THIRUVANANTHAPURAM | WOMEN AND CHILDREN HOSPITAL THYCAUD |
| 89 | THIRUVANANTHAPURAM | MEDICAL COLLEGE HOSPITAL THIRUVANANTHAPURAM |
| 90 | THIRUVANANTHAPURAM | GOVERNMENT DENTAL COLLEGE HOSPITAL |
| 91 | THIRUVANANTHAPURAM | REGIONAL INSTITUTE OF OPHTHALMOLOGY |
| 92 | THIRUVANANTHAPURAM | SRI AVITAM THIRUNAL HOSPITAL THIRUVANANTHAPURAM |
| 93 | THIRUVANANTHAPURAM | URBAN HEALTH CENTRE MANNANTHALA |
| 94 | KOLLAM | FAMILY HEALTH CENTRE PERUMON |
| 95 | KOLLAM | FAMILY HEALTH CENTRE SAKTHIKULANGARA |
| 96 | KOLLAM | FAMILY HEALTH CENTRE THEKKUMBHAGAM |
| 97 | KOLLAM | FAMILY HEALTH CENTRE KULASEKHARAPURAM |
| 98 | KOLLAM | FAMILY HEALTH CENTRE CHAVARA |
| 99 | KOLLAM | FAMILY HEALTH CENTRE AZHEEKKAL |
| 100 | KOLLAM | FAMILY HEALTH CENTRE VALLIKKAVU |
| 101 | KOLLAM | FAMILY HEALTH CENTRE ALAPPAD |
| 102 | KOLLAM | FAMILY HEALTH CENTRE THAZHAVA |
| 103 | KOLLAM | FAMILY HEALTH CENTRE CHATHANNOOR |
| 104 | KOLLAM | FAMILY HEALTH CENTRE ELAMPALLOOR |
| 105 | KOLLAM | C KESAVAN MEMORIAL FAMILY HEALTH CENTRE MAYYANAD |
| 106 | KOLLAM | FAMILY HEALTH CENTRE UMMANNOOR |
| 107 | KOLLAM | FAMILY HEALTH CENTRE SREENARAYANAPURAM |
| 108 | KOLLAM | FAMILY HEALTH CENTRE EZHUKONE PAVITHRESWARAM |
| 109 | KOLLAM | FAMILY HEALTH CENTRE VELIYAM |

| | | |
|---|---|---|
| 110 | KOLLAM | TALUK HEADQUARTERS HOSPITAL PUNALUR |
| 111 | KOLLAM | FAMILY HEALTH CENTRE KARAVALUR |
| 112 | KOLLAM | FAMILY HEALTH CENTRE VILAKKUDY |
| 113 | KOLLAM | FAMILY HEALTH CENTRE THENMALA |
| 114 | KOLLAM | FAMILY HEALTH CENTRE MANCODE CHITHARA |
| 115 | KOLLAM | GOVERNMENT MEDICAL COLLEGE KOLLAM |
| 116 | KOLLAM | URBAN PRIMARY HEALTH CENTRE MUNDAKKAL |
| 117 | PATHANAMTHITTA | FAMILY HEALTH CENTRE KADAMMANITTA |
| 118 | PATHANAMTHITTA | FAMILY HEALTH CENTRE CHENNEERKARA |
| 119 | PATHANAMTHITTA | FAMILY HEALTH CENTRE CHANDANAPPALLY |
| 120 | PATHANAMTHITTA | FAMILY HEALTH CENTRE EZHAMKULAM |
| 121 | PATHANAMTHITTA | FAMILY HEALTH CENTRE PALLICKAL |
| 122 | PATHANAMTHITTA | FAMILY HEALTH CENTRE NARANAMMOOZHY |
| 123 | PATHANAMTHITTA | FAMILY HEALTH CENTRE VADASSERIKKARA |
| 124 | PATHANAMTHITTA | FAMILY HEALTH CENTRE CHITTAR |
| 125 | PATHANAMTHITTA | FAMILY HEALTH CENTRE ANICADU |
| 126 | PATHANAMTHITTA | FAMILY HEALTH CENTRE KOTTANGAL |
| 127 | PATHANAMTHITTA | FAMILY HEALTH CENTRE THANNITHODE |
| 128 | PATHANAMTHITTA | FAMILY HEALTH CENTRE MEZHUVELI |
| 129 | PATHANAMTHITTA | FAMILY HEALTH CENTRE PANDALAM |
| 130 | PATHANAMTHITTA | FAMILY HEALTH CENTRE NIRANAM |
| 131 | PATHANAMTHITTA | FAMILY HEALTH CENTRE KOIPURAM |
| 132 | PATHANAMTHITTA | FAMILY HEALTH CENTRE OTHERA |
| 133 | PATHANAMTHITTA | GOVERNMENT MEDICAL COLLEGE KONNI |
| 134 | PATHANAMTHITTA | URBAN FAMILY HEALTH CENTRE THIRUVALLA |
| 135 | ALAPPUZHA | WOMEN AND CHILDREN HOSPITAL ALAPPUZHA |
| 136 | ALAPPUZHA | FAMILY HEALTH CENTRE KALAVOOR |
| 137 | ALAPPUZHA | FAMILY HEALTH CENTRE PUNNAPRA NORTH |
| 138 | ALAPPUZHA | FAMILY HEALTH CENTRE PURAKKAD |
| 139 | ALAPPUZHA | FAMILY HEALTH CENTRE THOTTAPPALLY |
| 140 | ALAPPUZHA | FAMILY HEALTH CENTRE KANJIKUZHY |
| 141 | ALAPPUZHA | FAMILY HEALTH CENTRE VAYALAR |
| 142 | ALAPPUZHA | FAMILY HEALTH CENTRE VETTAKKAL |
| 143 | ALAPPUZHA | FAMILY HEALTH CENTRE CHERTHALA SOUTH |
| 144 | ALAPPUZHA | FAMILY HEALTH CENTRE MARARIKULAM NORTH |
| 145 | ALAPPUZHA | TALUK HOSPITAL THURAVOOR |
| 146 | ALAPPUZHA | FAMILY HEALTH CENTRE PALLITHODU |
| 147 | ALAPPUZHA | FAMILY HEALTH CENTRE EZHUPUNNA |

| | | |
|---|---|---|
| 148 | ALAPPUZHA | FAMILY HEALTH CENTRE AROOR |
| 149 | ALAPPUZHA | FAMILY HEALTH CENTRE PALLIPURAM |
| 150 | ALAPPUZHA | FAMILY HEALTH CENTRE PANAVALLY |
| 151 | ALAPPUZHA | FAMILY HEALTH CENTRE PERUMBALAM |
| 152 | ALAPPUZHA | FAMILY HEALTH CENTRE DEVIKULANGARA |
| 153 | ALAPPUZHA | FAMILY HEALTH CENTRE NOORANAD |
| 154 | ALAPPUZHA | FAMILY HEALTH CENTRE THAMARAKULAM |
| 155 | ALAPPUZHA | FAMILY HEALTH CENTRE BHARANIKAVU |
| 156 | ALAPPUZHA | FAMILY HEALTH CENTRE KANDALLOOR |
| 157 | ALAPPUZHA | FAMILY HEALTH CENTRE CHETTIKULANGARA |
| 158 | ALAPPUZHA | DISTRICT HOSPITAL MAVELIKARA |
| 159 | ALAPPUZHA | FAMILY HEALTH CENTRE PALAMEL |
| 160 | ALAPPUZHA | FAMILY HEALTH CENTRE ARATTUPUZHA |
| 161 | ALAPPUZHA | FAMILY HEALTH CENTRE CHERUTHANA |
| 162 | ALAPPUZHA | FAMILY HEALTH CENTRE VEEYAPURAM |
| 163 | ALAPPUZHA | FAMILY HEALTH CENTRE KARTHIKAPPALLY |
| 164 | ALAPPUZHA | T D MEDICAL COLLEGE HOSPITAL ALAPPUZHA |
| 165 | ALAPPUZHA | URBAN PRIMARY HEALTH CENTRE CHERAVALLY |
| 166 | ALAPPUZHA | URBAN PRIMARY HEALTH CENTRE MULLATHU VALAPPU |
| 167 | KOTTAYAM | GENERAL HOSPITAL KOTTAYAM |
| 168 | KOTTAYAM | FAMILY HEALTH CENTRE THOTTACKAD |
| 169 | KOTTAYAM | FAMILY HEALTH CENTRE NATTAKOM |
| 170 | KOTTAYAM | FAMILY HEALTH CENTRE PANACHIKKADU |
| 171 | KOTTAYAM | FAMILY HEALTH CENTRE PARAMPUZHA |
| 172 | KOTTAYAM | GENERAL HOSPITAL KANJIRAPALLY |
| 173 | KOTTAYAM | FAMILY HEALTH CENTRE VAZHOOR |
| 174 | KOTTAYAM | FAMILY HEALTH CENTRE PAIPPAD |
| 175 | KOTTAYAM | FAMILY HEALTH CENTRE VELLAVOOR |
| 176 | KOTTAYAM | FAMILY HEALTH CENTRE MADAPPALLY |
| 177 | KOTTAYAM | FAMILY HEALTH CENTRE MEENADOM |
| 178 | KOTTAYAM | TALUK HEADQUARTERS HOSPITAL PAMPADY |
| 179 | KOTTAYAM | FAMILY HEALTH CENTRE MANARCAD |
| 180 | KOTTAYAM | COMMUNITY HEALTH CENTRE MUNDAKAYAM |
| 181 | KOTTAYAM | FAMILY HEALTH CENTRE KURUPPANTHARA |
| 182 | KOTTAYAM | FAMILY HEALTH CENTRE MARANGATTUPALLY |
| 183 | KOTTAYAM | FAMILY HEALTH CENTRE KALLARA |
| 184 | KOTTAYAM | FAMILY HEALTH CENTRE VELIYANNOOR |
| 185 | KOTTAYAM | KM MANI MEMORIAL GOVT GENERAL HOSPITAL PALA |

| | | |
|---|---|---|
| 186 | KOTTAYAM | FAMILY HEALTH CENTRE MUTHOLY |
| 187 | KOTTAYAM | FAMILY HEALTH CENTRE ERATTUPETTA |
| 188 | KOTTAYAM | FAMILY HEALTH CENTRE MOONNILAVU |
| 189 | KOTTAYAM | FAMILY HEALTH CENTRE VELLOOR |
| 190 | KOTTAYAM | FAMILY HEALTH CENTRE MARAVANTHURUTHU |
| 191 | KOTTAYAM | FAMILY HEALTH CENTRE MEENACHIL |
| 192 | KOTTAYAM | FAMILY HEALTH CENTRE UDAYANAPURAM |
| 193 | KOTTAYAM | FAMILY HEALTH CENTRE BRAHMAMANGALAM |
| 194 | KOTTAYAM | FAMILY HEALTH CENTRE KADUTHURUTHY |
| 195 | KOTTAYAM | COMMUNITY HEALTH CENTRE RAMAPURAM |
| 196 | KOTTAYAM | MEDICAL COLLEGE HOSPITAL KOTTAYAM |
| 197 | KOTTAYAM | URBAN PRIMARY HEALTH CENTRE PERUNNA |
| 198 | IDUKKI | FAMILY HEALTH CENTRE ARAKULAM |
| 199 | IDUKKI | FAMILY HEALTH CENTRE KUDAYATHUR |
| 200 | IDUKKI | FAMILY HEALTH CENTRE ALAKODE |
| 201 | IDUKKI | FAMILY HEALTH CENTRE BISON VALLEY |
| 202 | IDUKKI | FAMILY HEALTH CENTRE KARIMKUNNAM |
| 203 | IDUKKI | FAMILY HEALTH CENTRE KARUNAPURAM |
| 204 | IDUKKI | FAMILY HEALTH CENTRE PERUVANTHANAM |
| 205 | IDUKKI | FAMILY HEALTH CENTRE MARIYAPURAM |
| 206 | IDUKKI | TALUK HEADQUARTERS HOSPITAL NEDUMKANDAM |
| 207 | IDUKKI | FAMILY HEALTH CENTRE VATTAVADA |
| 208 | IDUKKI | FAMILY HEALTH CENTRE UDUMBANCHOLA |
| 209 | IDUKKI | FAMILY HEALTH CENTRE MUTTOM |
| 210 | IDUKKI | FAMILY HEALTH CENTRE KUMARAMANGALAM |
| 211 | IDUKKI | FAMILY HEALTH CENTRE ELAMDESOM |
| 212 | IDUKKI | FAMILY HEALTH CENTRE KAMAKSHY |
| 213 | IDUKKI | FAMILY HEALTH CENTRE RAJAKUMARY |
| 214 | IDUKKI | FAMILY HEALTH CENTRE KANCHIYAR |
| 215 | IDUKKI | FAMILY HEALTH CENTRE KONNATHADY |
| 216 | ERNAKULAM | FAMILY HEALTH CENTRE KAKKANAD |
| 217 | ERNAKULAM | FAMILY HEALTH CENTRE CHERANELLOORE |
| 218 | ERNAKULAM | GENERAL HOSPITAL ERNAKULAM |
| 219 | ERNAKULAM | FAMILY HEALTH CENTRE CHOWARA |
| 220 | ERNAKULAM | FAMILY HEALTH CENTRE CHELLANAM |
| 221 | ERNAKULAM | FAMILY HEALTH CENTRE KARUMALLOR |
| 222 | ERNAKULAM | FAMILY HEALTH CENTRE NAYARAMBALM |
| 223 | ERNAKULAM | FAMILY HEALTH CENTRE GOTHURUTH |

| | | |
|---|---|---|
| 224 | ERNAKULAM | FAMILY HEALTH CENTRE KOONAMMAVU |
| 225 | ERNAKULAM | FAMILY HEALTH CENTRE VAZHAKULAM |
| 226 | ERNAKULAM | DISTRICT HOSPITAL ALUVA |
| 227 | ERNAKULAM | FAMILY HEALTH CENTRE EROOR |
| 228 | ERNAKULAM | FAMILY HEALTH CENTRE MANJAPRA |
| 229 | ERNAKULAM | FAMILY HEALTH CENTRE PAIPRA |
| 230 | ERNAKULAM | FAMILY HEALTH CENTRE MANEED |
| 231 | ERNAKULAM | FAMILY HEALTH CENTRE MAZHUVANNOOR |
| 232 | ERNAKULAM | FAMILY HEALTH CENTRE THIRUMARADY |
| 233 | ERNAKULAM | FAMILY HEALTH CENTRE RAYAMANGALAM |
| 234 | ERNAKULAM | FAMILY HEALTH CENTRE KODANADU |
| 235 | ERNAKULAM | FHC KADAVOOR |
| 236 | ERNAKULAM | FAMILY HEALTH CENTRE KUTTAMPUZHA |
| 237 | ERNAKULAM | FAMILY HEALTH CENTRE NERIYAMANGALAM |
| 238 | ERNAKULAM | FAMILY HEALTH CENTRE KOTTAPPADY |
| 239 | ERNAKULAM | MEDICAL COLLEGE HOSPITAL ERNAKULAM |
| 240 | THRISSUR | FAMILY HEALTH CENTRE MUNDUR |
| 241 | THRISSUR | FAMILY HEALTH CENTRE ADAT |
| 242 | THRISSUR | FAMILY HEALTH CENTRE AYYANTHOLE |
| 243 | THRISSUR | FAMILY HEALTH CENTRE MANALOOR |
| 244 | THRISSUR | FAMILY HEALTH CENTRE POOMALA |
| 245 | THRISSUR | FAMILY HEALTH CENTRE PATTIKKAD |
| 246 | THRISSUR | FAMILY HEALTH CENTRE VILVATTOM |
| 247 | THRISSUR | GENERAL HOSPITAL THRISSUR |
| 248 | THRISSUR | FAMILY HEALTH CENTRE NADATHARA |
| 249 | THRISSUR | FAMILY HEALTH CENTRE MAMBRA |
| 250 | THRISSUR | FAMILY HEALTH CENTRE PAMBOOR |
| 251 | THRISSUR | FAMILY HEALTH CENTRE PARALAM |
| 252 | THRISSUR | FAMILY HEALTH CENTRE VELUR |
| 253 | THRISSUR | FAMILY HEALTH CENTRE ELANAD |
| 254 | THRISSUR | FAMILY HEALTH CENTRE PUNNAYUR |
| 255 | THRISSUR | FAMILY HEALTH CENTRE CHAMAKKALA |
| 256 | THRISSUR | FAMILY HEALTH CENTRE EDAVILANGU |
| 257 | THRISSUR | FAMILY HEALTH CENTRE KAIPAMANGALAM |
| 258 | THRISSUR | FAMILY HEALTH CENTRE MADAVANA |
| 259 | THRISSUR | FAMILY HEALTH CENTRE METHALA |
| 260 | THRISSUR | FAMILY HEALTH CENTRE P.VEMBELLUR |
| 261 | THRISSUR | COMMUNITY HEALTH CENTRE CHERPU |

| | | |
|---|---|---|
| 262 | THRISSUR | FAMILY HEALTH CENTRE THEKKUMKARA |
| 263 | THRISSUR | FAMILY HEALTH CENTRE DESAMANGALAM |
| 264 | THRISSUR | FAMILY HEALTH CENTRE VENKITANGU |
| 265 | THRISSUR | FAMILY HEALTH CENTRE THAIKKAD |
| 266 | THRISSUR | FAMILY HEALTH CENTRE POOKODE |
| 267 | THRISSUR | TALUK HEADQUARTERS HOSPITAL CHAVAKKAD |
| 268 | THRISSUR | FAMILY HEALTH CENTRE PORKULAM |
| 269 | THRISSUR | TALUK HOSPITAL PUDUKAD |
| 270 | THRISSUR | FAMILY HEALTH CENTRE THRIKKUR |
| 271 | THRISSUR | FAMILY HEALTH CENTRE ENGANDIYUR |
| 272 | THRISSUR | FAMILY HEALTH CENTRE KARALAM |
| 273 | THRISSUR | FAMILY HEALTH CENTRE VELOOKKARA |
| 274 | THRISSUR | FAMILY HEALTH CENTRE POOMANGALAM |
| 275 | THRISSUR | FAMILY HEALTH CENTRE KOOLIMUTTOM |
| 276 | THRISSUR | FAMILY HEALTH CENTRE PARIYARAM THRISSUR |
| 277 | THRISSUR | FAMILY HEALTH CENTRE MELOOR |
| 278 | THRISSUR | FAMILY HEALTH CENTRE ALOOR |
| 279 | THRISSUR | FAMILY HEALTH CENTRE NENMANIKKARA |
| 280 | THRISSUR | FAMILY HEALTH CENTRE KODAKARA |
| 281 | THRISSUR | FAMILY HEALTH CENTRE KUZHOOR |
| 282 | THRISSUR | FAMILY HEALTH CENTRE POYYA |
| 283 | THRISSUR | FAMILY HEALTH CENTRE NATTIKA |
| 284 | THRISSUR | FAMILY HEALTH CENTRE THALIKULAM |
| 285 | THRISSUR | MEDICAL COLLEGE HOSPITAL THRISSUR |
| 286 | THRISSUR | URBAN PRIMARY HEALTH CENTRE ANAPUZHA |
| 287 | PALAKKAD | FAMILY HEALTH CENTRE MANKARA |
| 288 | PALAKKAD | Family Health Centre Puduppariyaram |
| 289 | PALAKKAD | Family Health Centre Parali |
| 290 | PALAKKAD | FAMILY HEALTH CENTRE MANNUR |
| 291 | PALAKKAD | Family Health Centre Kavassery |
| 292 | PALAKKAD | Community Health Centre Nanniode |
| 293 | PALAKKAD | Family Health Centre Mathur |
| 294 | PALAKKAD | family Health Centre Kuthanur |
| 295 | PALAKKAD | Family Health Centre Puthucode |
| 296 | PALAKKAD | Family Health Centre Kollengode |
| 297 | PALAKKAD | Family Health Centre Pallassana |
| 298 | PALAKKAD | FAMILY HEALTH CENTRE VANNAMADA |
| 299 | PALAKKAD | Family Health Centre Ozhalapathy |

| | | |
|---|---|---|
| 300 | PALAKKAD | Family Health Centre Peringottukurissi |
| 301 | PALAKKAD | FAMILY HEALTH CENTRE VANDAZHy |
| 302 | PALAKKAD | Family Health Centre Vellinezhi |
| 303 | PALAKKAD | Family Health Centre Adakkaputhur |
| 304 | PALAKKAD | FAMILY HEALTH CENTRE NELLAYA |
| 305 | PALAKKAD | Family Health Centre Chalavara |
| 306 | PALAKKAD | Family Health Centre Kanjirapuzha |
| 307 | PALAKKAD | Family Health Centre Elambulassery |
| 308 | PALAKKAD | Family Health Centre Kalladikode |
| 309 | PALAKKAD | Family Health Centre Vaniyamkulam |
| 310 | PALAKKAD | Family Health Centre Anakkatty |
| 311 | PALAKKAD | Family Health Centre Pudur |
| 312 | PALAKKAD | Family Health Centre Kappoor |
| 313 | PALAKKAD | Family Health Centre Kumbidi |
| 314 | PALAKKAD | Family Health Centre Sreekrishnapuram |
| 315 | PALAKKAD | Family Health Centre Pookkottukavu |
| 316 | PALAKKAD | Family Health Centre Kumaranellur |
| 317 | PALAKKAD | Family Health Centre Pattithara |
| 318 | PALAKKAD | GOVERNMENT MEDICAL COLLEGE PALAKKAD |
| 319 | PALAKKAD | Urban Primary Health Centre Kulappully |
| 320 | PALAKKAD | Urban Primary Health Centre Diara Street |
| 321 | MALAPPURAM | FAMILY HEALTH CENTRE PONMALA |
| 322 | MALAPPURAM | FAMILY HEALTH CENTRE PANDIKKAD |
| 323 | MALAPPURAM | BLOCK FAMILY HEALTH CENTRE THIRUVALI |
| 324 | MALAPPURAM | FAMILY HEALTH CENTRE MOORKKANAD |
| 325 | MALAPPURAM | FAMILY HEALTH CENTRE ELAMKULAM |
| 326 | MALAPPURAM | FAMILY HEALTH CENTRE CHEMMALASSERY |
| 327 | MALAPPURAM | FAMILY HEALTH CENTRE THAZHEKODE |
| 328 | MALAPPURAM | FAMILY HEALTH CENTRE ATHANIKKAL |
| 329 | MALAPPURAM | FAMILY HEALTH CENTRE MOONNIYUR |
| 330 | MALAPPURAM | FAMILY HEALTH CENTRE THALAKKAD |
| 331 | MALAPPURAM | FAMILY HEALTH CENTRE VALAVANNUR |
| 332 | MALAPPURAM | FAMILY HEALTH CENTRE THANALUR |
| 333 | MALAPPURAM | FAMILY HEALTH CENTRE VELIYANCODE |
| 334 | MALAPPURAM | FAMILY HEALTH CENTRE CHOKKAD |
| 335 | MALAPPURAM | FAMILY HEALTH CENTRE VAZHAKKAD |
| 336 | MALAPPURAM | FAMILY HEALTH CENTRE MORAYUR |
| 337 | MALAPPURAM | FAMILY HEALTH CENTRE CHERUKAVU |

| | | |
|---|---|---|
| 338 | MALAPPURAM | FAMILY HEALTH CENTRE PANG |
| 339 | MALAPPURAM | FAMILY HEALTH CENTRE KUZHIMANNA |
| 340 | MALAPPURAM | FAMILY HEALTH CENTRE KALADI |
| 341 | MALAPPURAM | FAMILY HEALTH CENTRE THIRUNAVAYA |
| 342 | MALAPPURAM | FAMILY HEALTH CENTRE PORUR |
| 343 | MALAPPURAM | FAMILY HEALTH CENTRE CHALIYAR |
| 344 | MALAPPURAM | TALUK HEAD QUARTERS HOSPITAL TIRURANGADI |
| 345 | MALAPPURAM | FAMILY HEALTH CENTRE A R NAGAR |
| 346 | MALAPPURAM | FAMILY HEALTH CENTRE NANNAMBRA |
| 347 | MALAPPURAM | FAMILY HEALTH CENTRE PARAPPANANGADI |
| 348 | MALAPPURAM | FAMILY HEALTH CENTRE VAZHIKKADAVU |
| 349 | MALAPPURAM | FAMILY HEALTH CENTRE KARULAI |
| 350 | MALAPPURAM | FAMILY HEALTH CENTRE EDAYUR |
| 351 | MALAPPURAM | FAMILY HEALTH CENTRE MARAKKARA |
| 352 | MALAPPURAM | FAMILY HEALTH CENTRE POOVATHIKKAL |
| 353 | MALAPPURAM | FAMILY HEALTH CENTRE VAZHAYOOR |
| 354 | MALAPPURAM | FAMILY HEALTH CENTRE PULIKKAL |
| 355 | MALAPPURAM | FAMILY HEALTH CENTRE VATTAMKULAM |
| 356 | MALAPPURAM | FAMILY HEALTH CENTRE ALAMKODE |
| 357 | MALAPPURAM | FAMILY HEALTH CENTRE TRIPPANACHI |
| 358 | MALAPPURAM | GOVERNMENT MEDICAL COLLEGE MANJERI |
| 359 | MALAPPURAM | URBAN PRIMARY HEALTH CENTRE VETTEKODE |
| 360 | MALAPPURAM | URBAN PRIMARY HEALTH CENTRE PERINTHALMANNA |
| 361 | MALAPPURAM | URBAN PRIMARY HEALTH CENTRE NILAMBUR |
| 362 | MALAPPURAM | URBAN PRIMARY HEALTH CENTRE BIYYAM |
| 363 | MALAPPURAM | WOMEN AND CHILDRENS HOSPITAL PONNANI |
| 364 | KOZHIKODE | FAMILY HEALTH CENTRE KUNNAMANGALAM |
| 365 | KOZHIKODE | FAMILY HEALTH CENTRE MOODADI |
| 366 | KOZHIKODE | FAMILY HEALTH CENTRE ATHOLI |
| 367 | KOZHIKODE | FAMILY HEALTH CENTRE ARIKKULAM |
| 368 | KOZHIKODE | FAMILY HEALTH CENTRE MEPPAYUR |
| 369 | KOZHIKODE | FAMILY HEALTH CENTRE IRINGAL KOTTAKKAL |
| 370 | KOZHIKODE | FAMILY HEALTH CENTRE RAMANATUKARA |
| 371 | KOZHIKODE | FAMILY HEALTH CENTRE CHALIYAM |
| 372 | KOZHIKODE | COMMUNITY HEALTH CENTRE THIRUVANGOOR |
| 373 | KOZHIKODE | FAMILY HEALTH CENTRE PUDUPPADI |
| 374 | KOZHIKODE | FAMILY HEALTH CENTRE MANIYOOR |
| 375 | KOZHIKODE | FAMILY HEALTH CENTRE CHORODE |

| | | |
|---|---|---|
| 376 | KOZHIKODE | FAMILY HEALTH CENTRE AZHIYUR |
| 377 | KOZHIKODE | DISTRICT HOSPITAL VADAKARA |
| 378 | KOZHIKODE | FAMILY HEALTH CENTRE VADAKARA |
| 379 | KOZHIKODE | FAMILY HEALTH CENTRE MARUTHONKARA |
| 380 | KOZHIKODE | FAMILY HEALTH CENTRE NARIPATTA |
| 381 | KOZHIKODE | FAMILY HEALTH CENTRE AYANCHERY |
| 382 | KOZHIKODE | FAMILY HEALTH CENTRE THIRUVAMBADI |
| 383 | KOZHIKODE | FAMILY HEALTH CENTRE KOODARANJI |
| 384 | KOZHIKODE | FAMILY HEALTH CENTRE KODIYATHUR |
| 385 | KOZHIKODE | FAMILY HEALTH CENTRE PANANGAD |
| 386 | KOZHIKODE | INSTITUTE OF MATERNAL AND CHILD HEALTH KOZHIKODE |
| 387 | KOZHIKODE | INSTITUTE OF CHEST DISEASE KOZHIKODE |
| 388 | WAYANAD | FAMILY HEALTH CENTRE KOTTATHARA |
| 389 | WAYANAD | M S PADMAIAH GOWDER MEMORIAL GOVERNMENT GENERAL HOSPITAL KALPETTA |
| 390 | WAYANAD | FAMILY HEALTH CENTRE MEPPADY |
| 391 | WAYANAD | FAMILY HEALTH CENTRE POZHUTHANA |
| 392 | WAYANAD | FAMILY HEALTH CENTRE PADINJARATHARA |
| 393 | WAYANAD | FAMILY HEALTH CENTRE VENGAPALLY |
| 394 | WAYANAD | FAMILY HEALTH CENTRE CHEERAL |
| 395 | WAYANAD | FAMILY HEALTH CENTER NOOLPUZHA |
| 396 | WAYANAD | FAMILY HEALTH CENTRE AMBALAVAYAL |
| 397 | WAYANAD | FAMILY HEALTH CENTRE CHETHALAYAM |
| 398 | WAYANAD | FAMILY HEALTH CENTRE POOTHADI |
| 399 | WAYANAD | FAMILY HEALTH CENTRE THONDERNAD |
| 400 | WAYANAD | FAMILY HEALTH CENTRE VELLAMUNDA |
| 401 | WAYANAD | FAMILY HEALTH CENTRE EDAVAKA |
| 402 | WAYANAD | FAMILY HEALTH CENTRE APPAPARA |
| 403 | WAYANAD | URBAN PRIMARY HEALTH CENTRE MUNDERI |
| 404 | WAYANAD | URBAN HEALTH WELNESS CENTER PAYYAMPALLY |
| 405 | KANNUR | FAMILY HEALTH CENTRE VALAPATTANAM |
| 406 | KANNUR | FAMILY HEALTH CENTRE CHIRAKKAL |
| 407 | KANNUR | FAMILY HEALTH CENTRE ANJARAKKANDY |
| 408 | KANNUR | FAMILY HEALTH CENTRE MUZHAPPILANGAD |
| 409 | KANNUR | FAMILY HEALTH CENTRE NARATH |
| 410 | KANNUR | FAMILY HEALTH CENTRE RAMANTHALI |
| 411 | KANNUR | FAMILY HEALTH CENTRE ALAKODE THERTHALLY |
| 412 | KANNUR | FAMILY HEALTH CENTRE PATTUVAM |
| 413 | KANNUR | EK NAYANAR MEMORIAL GOVT. WOMEN AND |

| | | |
|---|---|---|
| | | CHILDREN HOSPITAL MANGATTUPARAMBA |
| 414 | KANNUR | FAMILY HEALTH CENTRE KANKOL ALAPPADAMBA |
| 415 | KANNUR | FAMILY HEALTH CENTRE PULINGOME |
| 416 | KANNUR | FAMILY HEALTH CENTRE ERAMAM KUTTUR |
| 417 | KANNUR | FAMILY HEALTH CENTRE MALAPPATTAM |
| 418 | KANNUR | FAMILY HEALTH CENTRE CHENGALAYI |
| 419 | KANNUR | FAMILY HEALTH CENTRE CHERUTHAZHAM |
| 420 | KANNUR | FAMILY HEALTH CENTRE CHERUKUNNU |
| 421 | KANNUR | FAMILY HEALTH CENTRE MUNDERI |
| 422 | KANNUR | FAMILY HEALTH CENTRE THILLENKERRY |
| 423 | KANNUR | FAMILY HEALTH CENTRE KADIRUR |
| 424 | KANNUR | COMMUNITY HEALTH CENTRE PATTIAM |
| 425 | KANNUR | FAMILY HEALTH CENTRE KOTTIYOOR |
| 426 | KANNUR | GOVERNMENT MEDICAL COLLEGE KANNUR |
| 427 | KASARAGOD | FAMILY HEALTH CENTRE MOGRALPUTHUR |
| 428 | KASARAGOD | FAMILY HEALTH CENTRE UDUMBANTHALA |
| 429 | KASARAGOD | FAMILY HEALTH CENTRE AJANUR |
| 430 | KASARAGOD | FAMILY HEALTH CENTRE ENNAPPARA |
| 431 | KASARAGOD | FAMILY HEALTH CENTRE PALLIKKARE |
| 432 | KASARAGOD | FAMILY HEALTH CENTRE UDMA |
| 433 | KASARAGOD | FAMILY HEALTH CENTRE CHATTANCHAL |
| 434 | KASARAGOD | FAMILY HEALTH CENTRE KARINDALAM |
| 435 | KASARAGOD | FAMILY HEALTH CENTRE MULLERIYA |
| 436 | KASARAGOD | FAMILY HEALTH CENTRE KUMBADAJE |
| 437 | KASARAGOD | FAMILY HEALTH CENTRE VALIYAPARAMABA |
| 438 | KASARAGOD | FAMILY HEALTH CENTRE KAYYUR |
| 439 | KASARAGOD | FAMILY HEALTH CENTRE ANANDASRAM |
| 440 | KASARAGOD | FAMILY HEALTH CENTRE NARKILAKKAD |
| 441 | KASARAGOD | URBAN PRIMARY HEALTH CENTRE PULLIKUNNU |
| 442 | KASARAGOD | URBAN PRIMARY HEALTH CENTRE NILESHWARAM |
| 443 | KASARAGOD | WOMEN AND CHILDREN GOVERMENT HOSPITAL KANHANGAD |